(ബി) സ്നേഹസ്പർശം പദ്ധതി പ്രകാരം ധനസഹായം നൽകുന്നത് സാമൂഹ്യനീതി വകുപ്പാണ്. തിരുനെല്ലി പഞ്ചായത്തിൽ നിന്നും ടി പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷകൾ ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിൽ അർഹരായവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

മലക്കപ്പാറയിലെ ടൈബൽ ആരോഗ്യ കേന്ദ്രം

276 (643) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈബൽ ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറയിലെ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വേതനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലക്കപ്പാറയിലെ ഒ.പി. ക്ലിനിക് ഉൾപ്പെടെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള അഞ്ച് ഒ.പി. ക്ലിനിക്കുകളിലെ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഏകീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ജി.ഒ. (എം)എസ്.) നമ്പർ 93/2015/പജപവവിവ. തീയതി 30-11-2015). പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കേന്ദ്രത്തിൽ അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്ന സാഹചര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ജനനി ജന്മരക്ഷ പദ്ധതി

277(644) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനനി ജന്മ രക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ.പി.എൽ./ബി.പി.എൽ. ഭേദഗതിയില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

(സി) ടി പദ്ധതിക്കായി സർക്കാർ തലത്തിൽ 2013 ജൂൺ മാസം 2225-02-282-89 ജനനി ജന്മരക്ഷ പദ്ധതി (പ്ലാൻ) ശീർഷകം അനുവദിച്ച് നൽകുകയും ചുവടെ ചേർത്തിരിക്കും പ്രകാരം പദ്ധതിക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷം 115 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് Additional authorisation മുഖേന 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി അനുവദിക്കുകയും തുടർന്ന് റി-അപ്രോപ്രിയേഷനിലൂടെ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം 655 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

ജനനി ജന്മരക്ഷ

278 (645) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് വേണ്ടി നടപ്പിലാക്കുന്ന ജനനി ജന്മരക്ഷ പദ്ധതിയുടെ സഹായം നാളിതുവരെ എത്രപേർക്ക് ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly